പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1352 — 15-10-2026-ൽ മറുപടിയ്ക്ക്

**ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ സമഗ്ര ടൂറിസം വികസനം**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** — **മറുപടി നൽകിയ മന്ത്രി**

ശ്രീ. ബി. ബി. ഗോപകുമാർ — ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ പരവൂർ-പൊഴിക്കര ഉൾപ്പെടെയുള്ള പ്രകൃതിദത്തവും സാംസ്കാരികവുമായ ടൂറിസം കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് സമഗ്രമായ ഒരു ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കുമോ;

**മറുപടി:** ടൂറിസം സാധ്യത, സ്ഥല ലഭ്യത, ആവശ്യമായ നിരാക്ഷേപ പത്രങ്ങൾ, പാരിസ്ഥിതിക അനുമതികൾ എന്നിവ വിലയിരുത്തി ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കുന്നതാണ്.

**(ബി)** പ്രസ്തുത നിയോജകമണ്ഡലത്തിലെ പരവൂർ കായലിന്റെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി ബോട്ടിംഗ്, വാക്ക് വേ, സൈക്കിൾ ട്രാക്ക്, വിശ്രമകേന്ദ്രങ്ങൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

**മറുപടി:** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ചാത്തന്നൂർ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പിൽ നിലവിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതോ പൂർത്തീകരിക്കാത്തതോ ആയ പദ്ധതികൾ എത്രയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ;

**മറുപടി:** ചാത്തന്നൂർ നിയോജകമണ്ഡലവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പിൽ നിലവിൽ ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി ആരംഭിക്കാത്തതോ പൂർത്തീകരിക്കാത്തതോ ആയ പദ്ധതികൾ ഒന്നും തന്നെയില്ല.

**(ഡി)** പ്രസ്തുത നിയോജകമണ്ഡലത്തിലെ ചരിത്ര-സാംസ്കാരിക പ്രാധാന്യമുള്ള കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനും അവയെ ടൂറിസം ഭൂപടത്തിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

**മറുപടി:** ചരിത്ര-സാംസ്കാരിക പ്രാധാന്യമുള്ള കേന്ദ്രങ്ങൾ സംരക്ഷിക്കുന്നതിനുള്ള നടപടികളാണ് ടൂറിസം വകുപ്പ് സ്വീകരിച്ചുവരുന്നത്.

**(ഇ)** ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി പ്രാദേശിക യുവാക്കൾക്ക് തൊഴിലും സ്വയംതൊഴിൽ അവസരങ്ങളും ലഭ്യമാക്കുന്നതിനായി ടൂറിസം വകുപ്പ് പ്രത്യേക പദ്ധതികൾ നടപ്പാക്കുന്നുണ്ടോ?

**<u>മറുപടി:</u>** സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിവിധ ടൂറിസം പദ്ധതികൾ സംസ്ഥാനത്തിന് മൊത്തത്തിലും പ്രാദേശിക വിനോദസഞ്ചാര കേന്ദ്രങ്ങളിലെ പ്രാദേശിക ജനവിഭാഗങ്ങൾക്ക് നേരിട്ടും പരോക്ഷമായും തൊഴിലവസരങ്ങൾ ലഭിക്കുന്ന വിധത്തിലാണ് ആവിഷ്കരിച്ചിട്ടുള്ളത്.

**സെക്ഷൻ ഓഫീസർ**